2008, ഖുത്ബ നമ്പര്‍ - 49

ഖുത്ബ
05.12.2008
ബൈത്തുല്‍ ഹാദി,
ഡല്‍ഹി,ഇന്ത്യ.

بسم الله الرحمن الرحيم

# നമ്മുടെ ആഗ്രഹങ്ങളില്‍ അല്ലാഹുവിന്റെ അനുഗ്രഹങ്ങള്‍ ഉണ്ടായിരിക്കണം

ഒരോ മനുഷ്യനും ഈ ലോകത്ത് പല ആഗ്രഹങ്ങളും ഉണ്ടായിരിക്കും. അത് ഓരോ വ്യക്തിയുടെയും ചിന്താരീതിയും ഭൗതികചുറ്റുപാടും വൈജ്ഞാനിക കഴിവും സാമ്പത്തികശേഷിയും സാമൂഹിക ബന്ധങ്ങളും അനുസരിച്ച് വ്യത്യസ്ഥമായിരിക്കും. എന്നാല്‍ പരിപൂര്‍ണ്ണവിശ്വാസിയെ സംബന്ധിച്ചെടുത്തോളം അവന്റെ എല്ലാ പ്രതീക്ഷകളുടെയും കേന്ദ്രം അല്ലാഹു ആയതുകാരണം അവന്റെ എല്ലാ ആഗ്രഹങ്ങളും പ്രയാസങ്ങളും എല്ലാ സുഖങ്ങളും അവനെ അല്ലാഹുവിലേക്ക് കൂടുതല്‍ ശ്രദ്ധതിരിക്കുന്നതിന് കാരണമായിത്തീരുന്നു. അവന്റെ ശ്രദ്ധ എപ്പോഴും അല്ലാഹുവിലേക്ക് തിരിയേണ്ടതു തന്നെയാണ്. അപ്പോഴാണ് യഥാര്‍ത്ഥ വിശ്വാസിയാണെന്നും വിശ്വാസത്തില്‍ വര്‍ദ്ധനവ് വരുത്തുന്നവനാണെന്നും അല്ലാഹുവിന്റെ യഥാര്‍ത്ഥ ആരാധകനാണെന്നും പറയപ്പെടാന്‍ സാധിക്കുകയുള്ളൂ. കൊച്ചു കൊച്ചു ആഗ്രഹങ്ങള്‍ സാധിക്കുന്നതിനുപോലും അവന്‍ അല്ലാഹുവിന്റെ മുമ്പില്‍ കുമ്പിടുന്നു. ഷൂ കെട്ടുന്ന ലേസ് വേണമെങ്കില്‍പ്പോലും അല്ലാഹുവിനോട് ചോദിക്കുക. കാരണം അല്ലാഹുവിന്റെ ഇഷ്ടം ഇല്ലെങ്കില്‍ കീശയില്‍ പണമുണ്ടെങ്കില്‍ക്കൂടി അങ്ങാടിയില്‍ പോയി ഷൂവിന്റെ ലേസ് വാങ്ങേണ്ട കടയില്‍ എത്തിയാലും അത് വാങ്ങി ധരിക്കാന്‍ കഴിയാത്ത ഒരവസ്ഥാ വിശേഷം സംജാതമായേക്കാം. അതുകൊണ്ട് കൊച്ചു കൊച്ച് ആഗ്രഹങ്ങള്‍ക്കുപോലും അല്ലാഹുവിന്റെ സഹായം തേടേണ്ടത് ഒരു മുഅ്മിന് അനിവാര്യമാണ്. അല്ലാഹുവിന്റെ കൃപ തേടിക്കൊണ്ട് ആഗ്രഹങ്ങള്‍ പൂര്‍ത്തിയാക്കുന്നതിന്നായി പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്.

അഹ്മദികളായ നമ്മോട് വലിയ ഔദാര്യമാണ് അല്ലാഹു കാണിച്ചിരിക്കുന്നത്. ഇക്കാര്യം പലപ്പോഴായി ഞാന്‍ പറയാറുള്ളതാണ്. അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിക്കാനുള്ള ഭാഗ്യം നല്‍കിയിരിക്കുകയാണ്. ആ മഹാത്മാവ് അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ശരിയായ അറിവ് തന്റെ ജമാഅത്തംഗങ്ങളില്‍ ഉണ്ടാക്കിയെടുക്കാന്‍ കഠിനപ്രയത്നം ചെയ്യുകയുണ്ടായി.അതില്‍ അദ്ദേഹം വിജയിക്കുകയും ചെയ്തു. അല്ലാഹുവിനെ എങ്ങിനെയാണ് അറിയേണ്ടത് എന്ന ബോധം ആ മഹാത്മാവ് അവരില്‍ ഇട്ടുകൊടുക്കുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു, *ഞാന്‍ സത്യമായും പറയുന്നു, അല്ലാഹുവിന്റെ കല്‍പ്പനകളെ ശിരസാവഹിക്കുന്നവരെ മാത്രമേ അല്ലാഹു സ്നേഹിക്കുന്നുള്ളൂ. അവരുടെ സന്താനങ്ങള്‍ അനുഗ്രഹീതരായിരിക്കുകയും ചെയ്യും. അല്ലാഹുവിനെ പൂര്‍ണ്ണമായും അനുസരിക്കുന്നവരും അവരുടെ സന്താനങ്ങളും ഒരിക്കലും നശിക്കുകയില്ല. അല്ലാഹുവിനെ കൈവെടിയുന്നവര്‍ക്കും ഭൗതികതയിലേക്ക് ചായുന്നവര്‍ക്കുമാണ് നാശം സംഭവിക്കുന്നത്. ഓരോന്നിന്റെയും കടി ഞ്ഞാണ്‍ അല്ലാഹുവിന്റെ കരങ്ങളിലാണെന്നത് സത്യ മല്ലെ? അവന്റെ സഹായമില്ലാതെ ഒരു കേസില്‍പ്പോലും വിജയിക്കാന്‍ സാധ്യമല്ല. ഒരുതരത്തിലുള്ള വിജയവും കൈവരിക്കാന്‍ സാധ്യമല്ല. വല്ല സുഖമോ സംതൃപ്തിയോ കരഗതമാകുകയുമില്ല. നമുക്ക് ധനം സ്വരുക്കൂട്ടാന്‍ സാധിച്ചേക്കാം. എന്നാല്‍ നമ്മുടെ മരണശേഷം ഈ സ്വത്തുക്കള്‍ നമ്മുടെ ഭാര്യാമക്കള്‍ക്ക് ഉപകരിക്കും എന്ന് ആര്‍ക്കാണ് പറയാന്‍ സാധിക്കുക.*

മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു:

*"അല്ലാഹു തആല നിഗൂഢനാണ്. അവന്‍ ശക്തിപ്രഭാവത്തിലൂടെയാണ് തിരിച്ചറിയപ്പെടുന്നത്. പ്രാര്‍ത്ഥന മുഖേന അവന്റെ അസ്തിത്വത്തെക്കുറിച്ച് അറിവ് ലഭിക്കുന്നു. രാജാവോ ചക്രവര്‍ത്തിയോ ആരുമാകട്ടെ ചില സന്ദര്‍ഭങ്ങളില്‍ ഓരോരുത്തരിലും പ്രയാസങ്ങളുടെ ഒരു ഘട്ടം വരികയും അപ്പോള്‍ എന്ത് ചെയ്യണമെന്നറിയാതെ പൂര്‍ണ്ണമായും അവര്‍ നിഷ്പ്രഭരായിത്തീരുകയും ചെയ്യുന്നു. ഇനി എന്താണ് ചെയ്യേണ്ടതെന്നറിയാതെ അന്ധാളിച്ചുപോകുന്നു. അങ്ങിനെയുള്ള സന്ദര്‍ഭങ്ങളില്‍ പ്രാര്‍ത്ഥന മുഖേന പ്രയാസങ്ങള്‍ അകറ്റപ്പെടുന്നു."*

എപ്പോഴും അല്ലാഹുവിനെ ഓര്‍ത്തുകൊണ്ടിരിക്കണം എന്ന അറിവാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തില്‍ ഉണ്ടാക്കിയിരിക്കുന്നത്. അവനാണ് എല്ലാ പ്രയാസങ്ങളും ദൂരീകരിക്കുന്നവന്‍. തന്റെ ദാസര്‍ക്ക് ശരിയായ പാത കാണിച്ചുകൊടുക്കുന്നവനും അവന്‍ തന്നെയാണ്.

അഹ്മദികളില്‍ അധികം പേരും ഈ തത്വം മനസ്സിലാക്കിയവരും പ്രയാസങ്ങളുണ്ടാകുമ്പോള്‍ അല്ലാഹുവിന്റെ തിരുസന്നിധിയില്‍ കുമ്പിടുന്നവരുമാണ്. ഓരോ വിശ്വാസിയും ഇത് ചെയ്യേണ്ടതുതന്നെയാണ്. മാത്രമല്ല അവന്റെ ജീവിത ലക്ഷ്യം തന്നെ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. അടിയന്തിര ഘട്ടങ്ങളില്‍ അവന്‍ പ്രത്യേകമായ ശ്രദ്ധയോടെ അല്ലാഹുവിലേക്ക് തിരിയുന്നു. ഒരു വിശ്വാസി ഏതവസരത്തിലും അല്ലാഹുവിലേക്ക് തിരിയുന്നതുകൊണ്ട് ഇങ്ങിനെയുള്ള

അവസരങ്ങളിൽ അല്ലാഹുവിന്റെ പ്രത്യേകമായ ഔദാര്യത്തിന് അവർ അർഹരായിത്തീരുകയും ചെയ്യുന്നു.

വിശ്വാസികൾക്കും ആശകളുണ്ടാകും. എന്നാൽ അവയുടെ പൂർത്തീകരണത്തിന്നായി അവർ അല്ലാഹുവിന്റെ സവിധത്തിൽ കുമ്പിടുന്നു. തന്റെ ആശകളെ പൂർത്തിയാക്കുന്നവൻ അല്ലാഹു ആണെന്ന ബോധം അവനുണ്ട്. ഏത് പ്രവർത്തനത്തിലും അല്ലാഹുവിന്റെ പ്രീതിയാണ് ലക്ഷ്യം വെക്കേണ്ടത് എന്ന് അവനറിയാം. ഒരു വിശ്വാസിയുടെ വ്യക്തിപരമായ ജോലിയാണെങ്കിലും അത് ദൈനംദിനപ്രവർത്തനവുമായി ബന്ധപ്പെട്ടതാണെങ്കിലും കച്ചവടവുമായോ, ജമാഅത്തുമായോ ബന്ധപ്പെട്ടതാണെങ്കിലും ശരി ആ പ്രവർത്തനത്തിൽ അനുഗ്രഹങ്ങൾ ചൊരിയപ്പെടുന്നതിനും അതിന്റെ സദ്ഫലങ്ങൾ  ഉളവാകുകയും ചെയ്യുന്നതിനുവേണ്ടി അവൻ ആരംഭത്തിൽ തന്നെ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുകയാണ് ചെയ്യുന്നത്.

ചിലപ്പോൾ ഒരു വ്യക്തി ഒരു ജോലി വളരെ നല്ലതായി കരുതുകയും - ശരിക്കും അത് നല്ലതുതന്നെ ആയിരിക്കുകയും ചെയ്യും - അതിന്ന് നല്ല പ്രതികരണം ഉണ്ടാകുമെന്ന് കണക്കുക്കൂട്ടുകയും അതിന്റെ സഫലീകരണത്തിന്നായി കഠിനപ്രയത്നം ചെയ്യുകയും ചെയ്യുന്നുണ്ടെങ്കിലും ആ ജോലി അല്ലാഹുവിന്റെ പക്കൽ ഉത്കൃഷ്ടമല്ലാത്തതുകൊണ്ട് തന്റെ ദാസന്റെ ഗുണത്തിന്നായി ആ പ്രവൃത്തിയിൽ അല്ലാഹു താത്കാലികമോ സ്ഥായിയോ ആയ തടസ്സങ്ങൾ ഇടുന്നു.

ഒരു വിശ്വാസി പ്രാർത്ഥനകൾക്കും ദാനധർമ്മങ്ങൾക്കും ശേഷം ഒരു പ്രവർത്തനം തുടങ്ങുന്നുവെങ്കിലും അദ്ദേഹത്തിനോ അദ്ദേഹത്തിന്റ ബന്ധുക്കൾക്കോ ഇനി ജമാഅത്തിന്റെ പ്രവർത്തനങ്ങളാണെങ്കിൽ ജമാഅത്തിലെ അംഗങ്ങൾക്കോ ആ പ്രവൃത്തി അവർ പ്രതീക്ഷിച്ച സമയത്ത് നടക്കില്ല എന്നും അതല്ലെങ്കിൽ അതിൽ ചില തടസ്സങ്ങൾ വരാനുണ്ടെന്നും അല്ലാഹു നേരത്തേ അറിയിപ്പ് നൽകുന്നു. എന്നാൽ മനുഷ്യൻ ആ അറിയിപ്പുകളെ ശരിയാം വണ്ണം മനസ്സിലാക്കാത്തതിന്റെ കാരണത്താൽ ആ പ്രവർത്തി ചെയ്യാൻ മുതിരുന്നു. അതിന്റെ ഫലമായി ആ പ്രവർത്തി ഉദ്ദേശിച്ചതുപോലെ ആയിത്തീരുന്നില്ല. പിന്നീടുണ്ടാകുന്ന സംഭവവികാസങ്ങൾ കാരണമായി അല്ലാഹുവിന്റെ തീരുമാനം ഇതായിരുന്നു എന്നും അതിലാണ് അനുഗ്രഹങ്ങളുള്ളതെന്നും അവന് ബോധ്യമാവുന്നു. ഒരു മുഅ്മിൻ ഉദ്ദേശിച്ച രീതിയിൽ ആ പ്രവർത്തനം മുന്നോട്ട് പോകുന്നതിനുള്ള സാഹചര്യങ്ങൾ അല്ലാഹു സൃഷ്ടിക്കാതിരിക്കുകയും ചെയ്യുന്നു. നിങ്ങൾ ചില പ്രവർത്തികൾ ഉത്തമമായി കരുതുന്നുണ്ടെങ്കിലും അല്ലാഹുവിന്റെ പക്കൽ നിങ്ങൾക്ക് അത് ഗുണകരമായിരിക്കുകയില്ല.  അല്ലാഹു താത്കാലിക തടസ്സങ്ങൾ അതിൽ ഉണ്ടാക്കുന്നു.

വിശുദ്ധ ഖുർആനിൽ ഇത് സംബന്ധമായി അല്ലാഹു പറയുന്നു,

وَعَسَى أَن تَكْرَهُواْ شَيْئًا وَهُوَ خَيْرٌ لَّكُمْ

*നിങ്ങൾ ഏതെങ്കിലും ഒരു വസ്തുവിനെ മോശമായി കരുതുന്നുവെങ്കിലും അത് ഒരു പക്ഷെ നിങ്ങൾക്ക് ഗുണകരമായേക്കാം.*

وَعَسَى أَن تُحِبُّواْ شَيْئًا وَهُوَ شَرٌّ لَّكُمْ

*ഒരു കാര്യം നിങ്ങൾ നല്ലതായി കരുതുന്നുണ്ടെങ്കിലും അത് ഒരു പക്ഷെ നിങ്ങൾക്ക് മോശമായി ഭവിക്കുകയും ചെയ്തേക്കാം.*

തുടർന്ന് അല്ലാഹു പറയുന്നു,

وَاللّهُ يَعْلَمُ وَأَنتُمْ لاَ تَعْلَمُونَ

*അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല.*

അല്ലാഹു  നമുക്ക് പറഞ്ഞു തന്ന അടിസ്ഥാനതത്വമാണിത്.

മനുഷ്യന്റെ അറിവ് പരിമിതമാണ്.ചില സന്ദർഭത്തിൽ നല്ലതായ കാര്യംതന്നെ  ഒരു വിശ്വാസി തനിക്കായി ആഗ്രഹിക്കുന്നു.അതിൽ തനിക്കായി പല ഗുണങ്ങളും അവൻ കാണുകയും ചെയ്യുന്നുണ്ടാകും. ആഗ്രഹപൂർത്തീകരണത്തിന്നായി അവന്റെ ഹൃദയത്തിൽ അടങ്ങാത്ത ആവേശവുമുണ്ടായേക്കാം. ആ ആഗ്രഹം നടപ്പിൽ വരില്ല എന്ന് അവന് ചിന്തിക്കാൻ പോലും കഴിയില്ല. എന്നാൽ അവൻ ആഗ്രഹിച്ചത് നടപ്പിൽ വന്നു കഴിഞ്ഞാൽ അവന് പല നഷ്ടങ്ങളും സംഭവിക്കാനുണ്ടെന്ന കാര്യം അവൻ അറിയുന്നില്ല. അതുമല്ലെങ്കിൽ അവർ ഉദ്ദേശിച്ച സമയത്ത് നടക്കുകയാണെങ്കിൽ മറ്റൊരു സമയത്ത് നടക്കുന്നതിനേക്കാളും ഗുണകരമാകില്ല എന്നും അവൻ അറിയുന്നില്ല.

ഏതെങ്കിലും ഒരു പ്രവർത്തനം നടപ്പിൽ വരണം എന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന വികാരം അവന്റെ ശക്തമായ ഇഷ്ടമോ അനിഷ്ടമോ ആയിരിക്കും. മുമ്പോട്ട് കുതിക്കണമെന്നും ഉത്തമമായത് കരസ്ഥമാക്കണമെന്നുമുള്ള അഭിലാഷം ഇതിനു പിന്നിൽ പ്രവർത്തിക്കുന്നു. ഒരു എതിരാളിയെ ഇകഴ്ത്തിക്കാണിക്കാൻ വേണ്ടിയാണെങ്കിൽ പോലും തന്റെ ഇഷ്ടപ്രകാരം നടക്കണം എന്ന ആഗ്രഹമാണുണ്ടാകുന്നത്. അപ്പോൾ മാത്രമാണ് തനിക്ക് എതിരാളിക്ക് മുമ്പിൽ ഞെളിഞ്ഞു നിൽക്കാൻ സാധിക്കുകയുള്ളൂ എന്നവൻ കരുതുന്നു. മനുഷ്യന്റെ അറിവ് പരിമിതമായതു കാരണം ആഗ്രഹം സഫലീകരിക്കുന്നതു കൊണ്ടും ശത്രുക്കളെ പരാജയപ്പെടുത്തുന്നതു കൊണ്ടുമുള്ള ലാഭനഷ്ടങ്ങൾ അവന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. എന്നാൽ താൻ ഉദ്ദേശിച്ചത് നടപ്പിൽ വരുത്താൻ വാശി പിടിക്കുമ്പോൾ അത് ഗുണത്തിന് പകരം ദോഷമാണ് വരുത്തിവെക്കുന്നത്. തങ്ങളുടെ എല്ലാ മാർഗ്ഗങ്ങളും കഴിവുകളും ഉപയോഗിച്ചിട്ടും അതിൽ വിജയം ലഭിക്കാതെ വരുന്നു.

ഈ വർഷം ഖിലാഫത്ത് ജൂബിലിയുമായി ബന്ധപ്പെട്ടുകൊണ്ട് ഓരോ അഹ്മദിയിലും പ്രത്യേകമായ ആവേശം അലതല്ലുന്നതായി നമുക്ക് കാണാം. വിവിധ നാടുകളിൽ അവരുടെ വാർഷിക സമ്മേളനങ്ങൾ കഴിഞ്ഞു. ചില സ്ഥലത്ത് നടന്നു കൊണ്ടിരിക്കുന്നു. ഖാദിയാനിലെ ജൽസ സാലാനാ ഡിസംബർ അവസാന വാരത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ പങ്കെടുക്കാൻ ഒരു പ്രത്യേക താത്പര്യത്തോടുകൂടി ലോകത്തുള്ള അഹ്മദികൾ ശ്രമിച്ചിട്ടുണ്ട്. അതിന്നായി അവർ തയ്യാറെടുപ്പുകളും ചെയ്തിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ അക്രമികൾ ഈ നാട്ടിൽ ഭീകര പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതുമൂലം ഈ നാട്ടിൽ ഒന്നടങ്കം അസ്വസ്ഥജനകമായ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. ഇവിടെയുള്ള പത്രങ്ങളും ടി.വി ചാനലുകളും ഇവിടെ പിടിക്കപ്പെട്ട വ്യക്തിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് നടത്തിയ അന്വേഷണത്തിൽ വ്യാപകമായി ഭീകര പ്രവർത്തനങ്ങൾ ചെയ്യുവാനുള്ള പദ്ധതിയാണ് ഈ അക്രമികൾ ഒരുക്കിയിരിക്കുന്നത് എന്ന വാർത്തയാണ് പുറത്ത് വിട്ടിരിക്കുന്നത്. ഇതു കാരണം ഗവൺമെന്റ് ശക്തമായ മുൻകരുതലുകളാണ് എടുത്തിരിക്കുന്നത്.ഇന്ന്ഈനാട്ടിൽ ഉടലെടുത്തിരിക്കുന്ന അസ്വസ്ഥജനകമായ അവസ്ഥ പരിഗണിച്ചുകൊണ്ട് പുറം ദേശത്ത് നിന്ന് വരുന്ന എല്ലാ അഹ്മദികളെയും ഞാൻ ഖാദിയാൻ ജൽസയിൽ പങ്കെടുക്കുന്നതിൽ നിന്നും തടയുകയാണ്. ഞാൻ വീണ്ടും വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്, നിങ്ങൾ ഈ ജൽസയിൽ പങ്കെടുക്കാൻ വളരെ ആഗ്രഹിച്ചിട്ടുണ്ടെങ്കിലും പുറംലോകത്തുള്ള (വിദേശികൾ) ആരും തന്നെ ഈ ജൽസയിൽ പങ്കെടുക്കാൻ വരരുത്. അല്ലാഹു തആല ഇവിടത്തെ അവസ്ഥ ശരിയാക്കുമ്പോൾ ഇവിടെ വരാൻ നമുക്ക് അവസരം ലഭിക്കുന്നതാണ്. പ്രയാസങ്ങളും പരീക്ഷണങ്ങളും ഉണ്ടാകുമ്പോൾ അതിൽ നിന്നും മോചനം ലഭിക്കുന്നതിന്നായി പ്രാർത്ഥിക്കുകയും അപകടമുണ്ടായ സ്ഥലങ്ങളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുക എന്ന അദ്ധ്യാപനമാണ് നമുക്ക് നൽകിയിരിക്കുന്നത്. ഇവിടത്തെ നാട്ടുകാരെ അപേക്ഷിച്ച് വിദേശികൾ, അവർ യാത്രയിലായിരിക്കും. അതിനാൽ അവരുടെ അവസ്ഥ മറ്റൊന്നായിരിക്കും. പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വിപത്തുകളായാലും അക്രമികളാൽ ഉണ്ടാക്കപ്പെട്ട വിപത്തുകളായാലും അതിൽനിന്നെല്ലാം രക്ഷപ്പെടാൻ പ്രാർത്ഥിക്കുകയാണ് വേണ്ടത്.

അതിനാൽ പലരുടെയും അഭിപ്രായങ്ങളുടെയും പലരും കണ്ട വ്യാകുലപ്പെടുത്തുന്ന സ്വപ്നങ്ങളുടെയും അടിസ്ഥാനത്തിൽ, അതിൽ ചിലത് എനിക്ക് നേരത്തേ എഴുതി അറിയിച്ചിരുന്നു, ഇപ്പോൾ അറിയിപ്പ് ലഭിച്ചു കൊണ്ടിരിക്കുയും ചെയ്യുന്നു - വിവിധ നാടുകളിലുള്ളവർ കണ്ട ഈ സ്വപ്നങ്ങൾ കേൾക്കുകയും അറിയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും അതുപോലെ ദുആക്കും ശേഷമാണ് ഞാൻ പുറമേ (വിദേശത്ത്) നിന്ന്

ഒരു വിശ്വാസിയോട് അല്ലാഹു പറയുന്നത് നിങ്ങളുടെ ആഗ്രഹങ്ങൾ ഒരിക്കലും വ്യക്തിതാത്പര്യങ്ങളിൽ അധിഷ്ടിതമാകരുതെന്നാണ്. അതിനാൽ ജമാഅത്തിന്റെ പ്രവർത്തനങ്ങളാണെങ്കിലും പൊതു പ്രവർത്തനങ്ങളാണെങ്കിലും അതിന്റെ വിജയത്തിന്നായി നേരായ പന്ഥാവിൽ വഴികാട്ടുന്ന **ഇഹ്ദിനസ്വിറാത്തൽ മുസ്തഖീം** എന്ന പ്രാർത്ഥന പഠിപ്പിച്ച അല്ലാഹുവിനോട് സഹായം തേടേണ്ടതാണ്. മുജീബായ അല്ലാഹു പ്രാർത്ഥനകൾ കേൾക്കുന്നു. പ്രാർത്ഥനകൾ കേൾക്കുന്നവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുക. അല്ലാഹുവേ, പ്രത്യക്ഷമായതും പരോക്ഷമായതും എല്ലാം അറിയുന്നവൻ നീയാണ്. നീ എന്നെ നേരായ പന്ഥാവിൽ നയിക്കേണമേ. നീ എന്റെ പ്രാർത്ഥനകൾ കേൾക്കുകയും നീ ആഗ്രഹിക്കുന്നതുപോലെ നിന്റെ പക്കൽ നിന്നും നീ എനിക്ക് ഉത്തമമായത് നൽകുകയും ചെയ്യേണമേ.

ഒരു വിശ്വാസി അല്ലാഹുവിനോട് ചോദിച്ചുകൊണ്ട് ഓരോ പ്രവർത്തിയും ചെയ്യുമ്പോൾ അല്ലാഹു അവന് അതിനുള്ള മാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കുന്നു. ചിലപ്പോൾ പ്രാർത്ഥനകൾക്കും ചില ദൈവീക സൂചനകൾക്കും ശേഷവും മനുഷ്യൻ തെറ്റായ നിഗമനത്തിൽ എത്തിച്ചേരുന്നു. അവൻ മറ്റു ചില സൂചനകളെ വ്യാഖ്യാനിച്ചുകൊണ്ട് ഇത് വിജയത്തിലേക്ക് വിരൽ ചൂണ്ടുന്നു എന്ന് മനസ്സിലാക്കി തന്റെ പ്രവർത്തനവുമായി മുന്നോട്ട് പോകുന്നു. എന്നാൽ ആ സൂചനകൾ മറ്റ് കാര്യങ്ങൾക്ക് വേണ്ടിയുള്ളതായിരിക്കും. അതുമല്ലെങ്കിൽ മറ്റൊരവസരത്തിൽ പുലരുന്നതായിരിക്കും. അല്ലാഹു തന്റെ ദാസരെ നഷ്ടങ്ങളിൽനിന്ന് രക്ഷപ്പെടുത്താൻ ഉദ്ദേശിച്ച കാരണത്താൽ അവരുടെ തെറ്റായ നിഗമനത്തിന് ശേഷവും അല്ലാഹുവിന്റെ ഇഷ്ടം ഇതല്ലെന്ന് അറിയിപ്പ് നൽകുന്ന രീതിയിലുള്ള സാഹചര്യങ്ങൾ അല്ലാഹു ഒരുക്കുകയും അതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ സൂചനാരൂപത്തിൽ നൽകുകയും ചെയ്യുന്നു. നമ്മുടെ അടങ്ങാത്ത ആഗ്രഹം ഉണ്ടായിട്ടുകൂടി അതിന്റെ സഫലീകരണം മറ്റൊരു സമയത്തേക്ക് അല്ലാഹു മാറ്റിവെക്കുന്നു. ജമാഅത്തിന്റെ വിജയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിശ്ചയമായും നടക്കുന്നതു തന്നെയാണ്. അതിൽ യാതൊരു സംശയവുമില്ല. വിജയം എന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹങ്ങളെ ജമാഅത്ത് എന്ന നിലയിൽ നാമെല്ലാവരും സ്വരുക്കൂട്ടേണ്ടത് തന്നെയാണ്. ഈ അനുഗ്രഹങ്ങൾ പുതിയ ഒരു രൂപത്തിൽ ലോകത്ത് പ്രത്യക്ഷപ്പെടുകയും ചെയ്യേണ്ടതുണ്ട്. ഇതുമുഖേന ജമാഅത്തിന്റെ വിജയം ലോകത്ത് പ്രകടമാകുന്നതുമാണ്. എന്നാൽ ഇതിന്റെയെല്ലാം കാലം എപ്പോഴാണെന്ന് അല്ലാഹു നിശ്ചയിക്കുന്നതാണ്. അവന്റെ പ്രീതിയിൽ ചരിച്ചു കൊണ്ട് അവനോട് ദുആ ഇരന്നുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ട് പോകുക എന്നതാണ് നമ്മുടെ കടമ.

വരുന്നവരെ തടഞ്ഞിരിക്കുന്നത്. അവർ വരരുത് എന്നാണ് തീരുമാനിച്ചിരിക്കുന്നത്. നമ്മുടെ ഓരോ പ്രവൃത്തിയും വികാരത്തിൽനിന്ന് മുക്തമായിരിക്കണം. ലോകർ എന്തുപറയും എന്നോ അവർ പരിഹസിക്കുമെന്നോ ഉള്ള ചിന്ത ഹൃദയത്തിൽനിന്നും നീക്കിക്കളഞ്ഞു കൊണ്ടായിരിക്കണം നാം കർമ്മപഥത്തിൽ മുന്നേറേണ്ടത്.

ഓരോ അഹ്മദിയുടെയും ജീവൻ വിലയുള്ളതാണ്. അനാവശ്യമായി പ്രയാസത്തിൽ അകപ്പെടുത്തേണ്ട ആവശ്യമില്ല. എന്റെ ഈ തീരുമാനം കൊണ്ട് പലർക്കും മനഃപ്രയാസം ഉണ്ടായിട്ടുണ്ടാകും എന്ന് എനിക്കറിയാം. എന്നാൽ എപ്പോഴും നാം ഒന്നോർക്കണം. അല്ലാഹു തന്റെ ദാസരിൽ അനുഗ്രഹവർഷം ചൊരിയുന്നു. നാം മാനുഷികമായ വൈകല്ല്യങ്ങൾ കാരണം തെറ്റായ ഒരു തീരുമാനത്തെക്കുറിച്ചാണ് ചിന്തിക്കുന്നതെങ്കിൽത്തന്നെ അല്ലാഹു നമുക്ക് ഉത്തമമായരീതിയിൽ ചിന്തിക്കാനും തീരുമാനമെടുക്കാനുമുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിത്തരുന്നു.

പ്രയാസങ്ങളിൽനിന്നും പരീക്ഷണങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന്നായി ദുആ ചെയ്യുന്ന കാര്യം ഞാൻ നേരത്തെ പറഞ്ഞിരുന്നു. ഇതിനായി തിരുനബി (സ.അ) പഠിപ്പിച്ച പല പ്രാർത്ഥനകളുമുണ്ട്. വിശുദ്ധ ഖുർആനിലും ചില ദുആകൾ വന്നിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആകളും ഇതുസംബന്ധമായിട്ടുണ്ട്. ഇപ്പോൾ തിരുനബി (സ.അ) ന്റെ ഒരു ദുആ നിങ്ങളുടെ മുമ്പിൽ വെക്കാൻ ആഗ്രഹിക്കുന്നു. ഈ ദുആ മറ്റുസന്ദർഭങ്ങളിലും ഞാൻ കേൾപ്പിച്ചിട്ടുള്ളതാണ്.

اَعُوْذُ بِوَجْهِ اللهِ الْعَظِيْمِ الَّذِيْ لَيْسَ شَيْءٌ اَعْظَمَ مِنْهُ
وَبِكَلِمَاتِ اللهِ التَّامَّاتِ الَّتِيْ لاَيُجَاوِزُهُنَّ بَرٌّوَلاَفَاجِرٌ
وَبِاَسْمَاءِاللهِ الْحُسْنٰى مَاعَلِمْتُ مِنْهَاوَمَالَمْ اَعْلَمُ مِنْ
شَرِّ مَاخَلَقَ وَ ذَرَءَ وَبَرَءَ

*മഹത്വമുടയവനായ അല്ലാഹുവിന്റെ സംരക്ഷണത്തിൽ ഞാൻ വരുന്നു. അവനെക്കാളും മഹത്തരമായ മറ്റൊന്നുമില്ല. സദ്വൃത്തരും ദുർവൃത്തരും മറികടക്കാത്ത പരിപൂർണ്ണമായ വചനങ്ങളുടെ സംരക്ഷണത്തിലും ഞാൻ വരുന്നു. എനിക്ക് അറിയുന്നതും അറിയാത്തതുമായ അല്ലാഹുവിന്റെ എല്ലാ പരിശുദ്ധ നാമങ്ങളുടെയും സംരക്ഷണത്തിൽ ഞാൻ വരുന്നു. അവൻ സൃഷ്ടിക്കുകയും വ്യാപിപ്പിക്കുകയും ചെയ്ത സൃഷ്ടികളുടെ ഉപദ്രവത്തിൽനിന്ന്.*

ഇതിൽ ഭൂമിയിൽനിന്നും ആകാശത്തുനിന്നുമുള്ള സർവ്വവിധ ആപത്തുകളിൽനിന്നും രക്ഷപ്പെടുന്നതിന്നും അല്ലാഹുവിന്റെ സംരക്ഷണവലയത്തിൽ വരുന്നതിന്നുമുള്ള പ്രാർത്ഥന അടങ്ങിയിരിക്കുന്നു.

തിരുനബി (സ.അ) യുടെ എല്ലാ ദുആകളും സമ്പൂർണ്ണ ആശയം ഉൾക്കൊള്ളുന്നതാണ്. അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതുമാണ്. അതിലുള്ള ഒരു ദുആയാണ് ഞാനിപ്പോൾ നിങ്ങളുടെ മുമ്പാകെ വെച്ചിരിക്കുന്നത്. അല്ലാഹു നമ്മുടെ എല്ലാ ദുആകളും സ്വീകരിക്കുമാറാകട്ടെ. അല്ലാഹു എല്ലാ അഹ്മദികളെയും എല്ലാവിധ ആപത്തുകളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. വിശുദ്ധ ഖുർആനിൽ ഹദ്റത്ത് മൂസ(അ) ന്റെ ഒരു പ്രാർത്ഥന രേഖപ്പെടുത്തിയിട്ടുണ്ട്.

رَبِّ إِنِّي لِمَا أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ

എന്റെ നാഥാ! നീ ഏതൊരു നന്മ എനിക്ക് നൽകിയാലും ഞാൻ അതിന്റെയെല്ലാം ആവശ്യക്കാരനാണ്.

എപ്പോഴും നമുക്ക് അല്ലാഹുവിൽ നിന്നുള്ള നന്മ ലഭിക്കുന്നതിന്നായി പ്രാർത്ഥിച്ചു കൊണ്ടിരിക്കേണ്ടതാണ്. ഈ ദുആകൾ എപ്പോഴും അല്ലാഹുവിനോട് തേടിക്കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു എപ്പോഴും നന്മയാലും തന്റെ കൃപയാലും നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. എല്ലാ തിന്മകളിൽ നിന്നും ദോഷങ്ങളിൽ നിന്നും അവൻ നമ്മെ സംരക്ഷിക്കുമാറാകട്ടെ. നമ്മുടെ ആഗ്രഹങ്ങളെ എപ്പോഴും സൽപന്ഥാവിലൂടെ നയിക്കുമാറാകട്ടെ. എപ്പോഴെങ്കിലും തെറ്റായ നിഗമനത്താൽ അല്ലാഹുവിന്റെ സന്ദേശത്തെ നമുക്ക് മനസ്സില്ലാക്കാൻ സാധിച്ചില്ലെങ്കിൽ തന്നെ അല്ലാഹു തന്റെ പ്രത്യേകമായ കൃപകൊണ്ട് നമ്മെ അതിന്റെ ദുഷ്ഫലങ്ങളിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ. യുക്തിരഹിതമായ രീതിയിൽ നമ്മുടെ ആഗ്രഹങ്ങളെ അല്ലാഹുവിന്റെ പ്രീതിക്കും ഉദ്ദേശ്യത്തിനും എതിരിൽ നടപ്പിൽ വരുത്തുന്നവരായി നാം മാറാതിരിക്കട്ടെ. യുക്തിഭദ്രമായി എടുക്കുന്ന തീരുമാനങ്ങൾ അല്ലാഹുവിന്റെ നന്മകളിൽ നിന്നുള്ളതാണ്.

അല്ലാഹു നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്ന മറ്റൊരു ദുആ ഇതാണ്.

رَبِّ هَبْ لِي حُكْمًا وَأَلْحِقْنِي بِالصَّالِحِينَ

എന്റെ നാഥാ! നീ എനിക്ക് ഹിഖ്മത്ത് നൽകേണമേ. എന്നെ സജ്ജനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ.

ഹിക്മത്ത് എന്നതിന്ന് വളരെ വിപുലമായ അർത്ഥങ്ങളാണുള്ളത്. അതിന്റെ ഒരു വിവക്ഷ അല്ലാഹുവിൽ നിന്ന് വല്ല സന്ദേശവും ലഭിച്ചാൽ അത് മനസ്സിലാക്കാനുള്ള പ്രയത്നം ചെയ്യുക എന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് അല്ലാഹുവിനെകുറിച്ചുള്ള യഥാർത്ഥ അറിവ് നൽകിയിരിക്കുന്നു.അതുകൊണ്ട് ഓരോ പ്രവൃത്തി ചെയ്യുമ്പോഴും അവന്റെ മുമ്പിൽ കുമ്പിടാനും അതിന്റെ യുക്തി മനസ്സിലാക്കാനും അദ്ദേഹം നമ്മെ ഉപദേശിക്കുകയുണ്ടായി.

അല്ലാഹു എപ്പോഴും നമ്മെ ഇതിൽ നിലനിർത്തുമാറാകട്ടെ. നാം എടുക്കുന്ന ഓരോ തീരുമാനങ്ങളും യുക്തിയിൽ അധിഷ്ടിതമായിരിക്കട്ടെ. അല്ലാഹുവിന്റെ ഇംഗിതം മനസ്സിലാക്കാൻ നമുക്ക് കഴിയുമാറാകട്ടെ. ഒരു യഥാർത്ഥ വിശ്വാസിയുടെ അടയാളം ഇതുതന്നെയാണ്. ഒരു വിശ്വാസിയുടെ ഉൾക്കാഴ്ച എന്നുപറയുന്നത് അവൻ ഒരോ പ്രവർത്തനത്തിന്റെയും വിവിധ വശങ്ങളെകുറിച്ച് ചിന്തിക്കുന്നു എന്നതാണ്. മുഅ്മിൻ ഒരിക്കലും ഭീരു ആയിരിക്കില്ല. അവൻ ധീരനായിരിക്കും. എന്നാൽ ഏത് കാര്യത്തിലാണ് കൂടുതൽ ഗുണമുള്ളതെന്ന് അവൻ പരിചിന്തനം ചെയ്യേണ്ടതാണ്. നഷ്ടം ഉണ്ടാകുന്നത് ഏതിലാണെന്നും അവൻ ചിന്തിക്കണം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്തുതന്നെ ത്യാഗം ചെയ്യേണ്ടിവന്നാലും നമുക്ക് അതിൽ അശേഷം ഭയമില്ല. എന്നാൽ എവിടെയെങ്കിലും വല്ല കുഴപ്പവും കുണുകയും അതിൽനിന്ന് രക്ഷപ്പെടുന്നതാണ് ജമാഅത്തിനും ഒരു വിശ്വാസിക്കും ഗുണകരവുമെങ്കിൽ അതിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. ചില സ്വപ്നങ്ങൾ മുഖേന വളരെ വിപുലമായ രീതിയിൽ ജൽസ സംഘടിപ്പിക്കാൻ സാധിക്കില്ല എന്നുള്ള സൂചന ലഭിച്ചിരുന്നു. അതേപോലെ മറ്റു സൂചനകളും ഉണ്ടായിരുന്നു. എന്തായിരുന്നാലും അല്ലാഹുവിനോട് ദുആ ചെയ്യുക. അല്ലാഹു നമ്മുടെ ഈ തീരുമാനത്തിന് ഉത്തമമായ ഗുണങ്ങൾ ഉണ്ടാക്കുമാറാകട്ടെ. നമ്മുടെ എല്ലാ ജോലികളും ജമാഅത്തിന് ഗുണകരമായിത്തീരട്ടെ. അതിരറ്റ അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ. ജൽസയിൽ വരാൻ ആഗ്രഹിച്ചവരോട് വരുന്നത് വിലക്കിയപ്പോഴുണ്ടായ വൈകാരികമായ വിഷമം  അവർക്ക് അല്ലാഹുവുമായി കൂടുതൽ അടുക്കാനുള്ള ഒരു ഹേതുവാക്കി അല്ലാഹു മാറ്റുമാറാകട്ടെ. അല്ലാഹു ഓരോ അഹ്മദിയേയും വിശ്വാസത്തിലും സ്ഥിരതയിലും വർദ്ധിപ്പിക്കുമാറാകട്ടെ. ആദ്യത്തേക്കാളുപരി പ്രാർത്ഥനയിൽ ഓരോരുത്തരുടെയും ശ്രദ്ധ തിരിയുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു,

*അല്ലാഹു നിശ്ചയമായും കാരുണ്യവാനും ആദരണീയനും ആർദ്രത പ്രകടിപ്പിക്കുന്നവനുമാണ്. ദുആ ചെയ്യുന്നവരെ അവൻ ഒരിക്കലും പാഴാക്കുകയില്ല.*

അതുകൊണ്ട് ഓരോ പ്രയാസത്തിനുശേഷവും മുമ്പത്തെതിനെക്കാളുപരി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരായി നാം മാറേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ഇൻശാ അല്ലാഹ് നല്ല ചുറ്റുപാടിൽ തന്നെ ജൽസയിൽ പങ്കെടുക്കുവാനുള്ള തൗഫീഖ് അല്ലാഹു നൽകുന്നതാണ്. ഖാദിയാനിലെ അഹ്മദികൾക്കായും നിങ്ങൾ ദുആ ചെയ്യുക. ഇവിടെ ഈ നാട്ടിൽ വസിക്കുന്ന എല്ലാ അഹ്മദികൾക്കുവേണ്ടിയും ലോകത്തുള്ള എല്ലാ അഹ്മദികളും ദുആ ചെയ്യുക. ഇന്ത്യാമഹാരാജ്യത്ത് വസിക്കുന്ന എല്ലാ അഹ്മദികളും തങ്ങൾക്കായും ഈ ദേശവാസികൾക്കായും ദുആ ചെയ്യുക. അല്ലാഹു ഓരോരുത്തരേയും സർവ്വവിധ അക്രമത്തിൽ നിന്നും കാത്തു രക്ഷിക്കുമാറാകട്ടെ. ലോകർ അവരുടെ സൃഷ്ടാവിനെ തിരിച്ചറിയുമാറാകട്ടെ. മനുഷ്യർ സമസൃഷ്ടികളുടെ അവകാശങ്ങൾ നൽകുന്നവരായിത്തീരട്ടെ. മതത്തിന്റെ പേരിലും വ്യക്തിതാത്പര്യത്തിന്റെ പേരിലും അക്രമങ്ങൾ അഴിച്ചുവിടുന്ന എല്ലാവരെയും അല്ലാഹു പിടിക്കുമാറാകട്ടെ. അവരെ മാതൃകാപരമായി ശിക്ഷിക്കുമാറാകട്ടെ. പാക്കിസ്ഥാനിലെ അഹ്മദികളും വേർപാടിന്റെ ദുഃഖത്തിൽ കഴിയുകയാണ്. അവരുടെ ഈ അകൽച്ചയും അല്ലാഹു വേഗം ഇല്ലാതാക്കുമാറാ കട്ടെ. എല്ലാവരെയും അവൻ തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. അല്ലാഹു ലോകത്ത് യഥാർത്ഥ മനുഷ്യത്വം നില നാട്ടുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് - എറണാകുളം
**PHONE : 94461 51197**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 05 -12 - 2008 at**
**Baitul Hadi**
**New Delhi,India**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**